പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ :1999 08.03.2018 ലെ മറുപടിക്ക്

**കയർ ഉല്പന്നങ്ങളുടെ വൈവിധ്യവൽക്കരണത്തിന് നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എസ്.ശർമ്മ<br>ശ്രീമതി യു. പ്രതിഭ ഹരി<br>ശ്രീ.എം. നൗഷാദ്<br>ശ്രീ.ബി.സത്യൻ | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) സംസ്ഥാനത്ത് കയർ വ്യവസായ മേഖലയുടെ സമഗ്ര വികസനം സാധ്യമാകുംവിധം കയർ ഉല്പന്നങ്ങളുടെ വൈവിധ്യവൽക്കരണത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | എ) സംസ്ഥാനത്ത് കയർ വ്യവസായ മേഖലയുടെ സമഗ്ര വികസനം സാധ്യമാകുംവിധം കയർ ഉല്പന്നങ്ങളുടെ വൈവിധ്യവൽക്കരണത്തിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കയർ ഉല്പന്നങ്ങളുടെ വൈവിധ്യവൽക്കരണത്തിന്റെ ഭാഗമായി പതിമൂന്നാം പഞ്ചവത്സരപദ്ധതിക്കാലത്ത് പ്രധാനമായും മൂന്ന് തരം പുതിയ ഉൽപ്പന്നങ്ങളാണ് പ്രോത്സാഹിപ്പിക്കാൻ ഉദ്ദേശിക്കുന്നത്. കയർ ജിയോ ടെക്സ്റ്റയിൽസ്, കയർ നീഡിൽഫെൽറ്റ്, കയർ കോമ്പോസിറ്റുകൾ എന്നിവയാണ് അവ. കയർഫെഡ്, കേരള സംസ്ഥാന കയർ കോർപ്പറേഷൻ, ഫോം മാറ്റിംഗ് സ് (ഇന്ത്യ) ലിമിറ്റഡ് എന്നീ പൊതുമേഖലാ സ്ഥാപനങ്ങൾ കയർ ഭൂവസ്ത്രം നിർമ്മാണം നടത്തുന്നുണ്ട്. ഫോം മാറ്റിംഗ് സ് (ഇന്ത്യ) ലിമിറ്റഡ് കണിച്ചുകുളങ്ങര സ്ഥാപിച്ചിട്ടുള്ള കയർ കോമ്പോസിറ്റ് ഫാക്ടറി ഉടൻ പ്രവർത്തനക്ഷമമാകും. കൂടാതെ നാഷണൽ കോഓപ്പറേറ്റീവ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ (NCDC) സഹായത്തോടെ നടപ്പിലാക്കുന്ന പുനഃസംഘടനയുടെ ഭാഗമായി നവീന ഉൽപ്പന്നങ്ങളും കൂടുതൽ ഫാക്ടറികളും വിഭാവനം ചെയ്തിട്ടുണ്ട്. |
| ബി) ഇതിന്റെ ഭാഗമായി കയർ ഭൂവസ്ത്രത്തിന്റെ വിനിയോഗം വർദ്ധിപ്പിക്കാൻ ഉദ്ദേശിച്ചുകൊണ്ട് കയർ ഭൂവസ്ത്ര വികസന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | ബി) കയർ ഭൂവസ്ത്രത്തിന്റെ വിനിയോഗം വർദ്ധിപ്പിക്കാൻ ഉദ്ദേശിച്ചുകൊണ്ട് കയർ ഭൂവസ്ത്ര വികസന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പാക്കുന്ന തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി മണ്ണ്/ജല/സംരക്ഷണ പ്രവർത്തികളിലൂടെയാണ് പ്രധാനമായും കയർ ഭൂവസ്ത്രം പ്രചരിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നത്. |
| സി) ഹരിത കേരളം പദ്ധതിയുടെ | സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന |

| | |
|---|---|
| ഭാഗമായി സംസ്ഥാനത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന ഏതെല്ലാം പദ്ധതികൾക്കാണ് കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നതെന്ന് വ്യക്തമാക്കാമോ; | നടപ്പാക്കുന്ന മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി മണ്ണ്/ജല/സംരക്ഷണ പ്രവർത്തികളിലൂടെയാണ് പ്രധാനമായും കയർ ഭൂവസ്ത്രം പ്രചരിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നത്. പ്രസ്തുത പദ്ധതിയുടെ വിവിധ പ്രവർത്തികളിലൂടെ കൃഷി, മണ്ണ് സംരക്ഷണം, നീർത്തടങ്ങളുടെയും ജലാശയങ്ങളുടെയും സംരക്ഷണം, റോഡ് നിർമ്മാണം തുടങ്ങിയവയ്ക്കായി കയർ ഭൂവസ്ത്രം വ്യാപകമായി ഉപയോഗിക്കണമെന്ന് നിർദ്ദേശം നൽകിക്കൊണ്ട് കയർ മേഖലയുടെ വികസനത്തിനായുള്ള നടപടി സർക്കാർ സ്വീകരിച്ചിട്ടുണ്ട്. |
| ഡി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതികളിൽ കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നതിനായി ധാരണാപത്രം ഒപ്പിട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ പ്രവർത്തന പുരോഗതി അറിയിക്കുമോ? | ഡി)മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ മണ്ണ്-ജല-സംരക്ഷണ പ്രവർത്തികളിൽ കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നതിന് ധാരണാപത്രം ഒപ്പിടുകയും ഉപയോഗം സംബന്ധിച്ച് വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. കയർകേരള 2017 ൽ 120 കോടി രൂപയുടെ കയർ ഭൂവസ്ത്ര വിനിയോഗത്തിനുള്ള ധാരണാപത്രം പ്രോജക്ട് ആഫീസർ (കയർ), തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ പ്രതിനിധി, എൻ.ആർ. ഇ.ജി.എസ് പ്രതിനിധി എന്നിവർ ചേർന്ന് ഒപ്പ് വച്ചിട്ടുണ്ട്. വിവിധ ഗ്രാമപഞ്ചായത്തുകളിൽ നിന്നു ലഭിച്ച ഓർഡർ പ്രകാരം ഇതുവരെ 15,86,66,950/- രൂപ വിലയുള്ള 24,41,030 ചതുരശ്ര മീറ്റർ അളവ് കയർ ഭൂവസ്ത്രം കയർഫെഡ്, കേരള സംസ്ഥാന കയർ കോർപ്പറേഷൻ ലിമിറ്റഡ്, ഫോം മാറ്റിംഗ് സ് (ഇന്ത്യ) ലിമിറ്റഡ് എന്നീ പൊതുമേഖലാ സ്ഥാപനങ്ങൾ നൽകി കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ